**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഒളിമ്പിക്സ് മാതൃകയിൽ സംസ്ഥാന സ്കൂൾ കായിക മേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചരിത്രത്തിലാദ്യമായി ഒളിമ്പിക്സ് മാതൃകയിൽ സംസ്ഥാന സ്കൂൾ കായിക മേള സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; സ്കൂൾ കായികമേള സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഒളിമ്പിക്സ് മാതൃകയിൽ എറണാകുളത്ത് വ<br>സംഘടിപ്പിച്ച പ്രഥമ സ്കൂൾ കായികമേ<br>ആസൂത്രണം, സംഘാടനം, പങ്കാളിത്ത<br>എന്നിവ കൊണ്ട് വളരെ മികവു പുലർത്തി<br>ഒന്നായിരുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒ<br>സംസ്ഥാനം ദേശീയ നിലവാരത്തോടെ വള<br>സമഗ്രവും വിശാലവുമായ രീതിയിൽ സ്കൂ<br>കായികമേള ഒളിമ്പിക്സ് മാതൃകയി<br>സംഘടിപ്പിച്ചത്. സവിശേഷ കഴിവുകള്ള<br>കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഇൻക്ലൂസീ<br>സ്പോർട്സ് ചരിത്രത്തിലാദ്യമായി സ്കൂ<br>കായിക മേളയുടെ ഭാഗമായി നടത്തി. കൂടാ<br>ആദ്യമായി ഗൾഫ് മേഖലയിൽ സംസ്ഥാ<br>സിലബസിൽ പഠിക്കുന്ന കുട്ടികളും കേര<br>സ്കൂൾ കായികമേളയി<br>പങ്കെടുക്കുകയുണ്ടായി. മഹാരാജാസ് കോളേ<br>സിന്തറ്റിക് ട്രാക്ക്, കടവന്ത്ര രാജീവ് ഗാന്<br>റീജിയണൽ സ്പോർട്സ് സെന്റർ ഉൾപ്പെ<br>ദേശീയ നിലവാരമുള്ള 17 മികച്ച വേദികളി<br>ഫ്ളഡ് ലൈറ്റ് സംവിധാനം, ടി.എസ്.ആ<br>എക്യുമെന്റ്സ്(ഫോട്ടോഫിനിഷ് സംവിധാന<br>ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങ<br>പ്രയോജനപ്പെടുത്തിയാണ് മത്സരങ്ങ<br>സംഘടിപ്പിച്ചത്. മത്സരങ്ങളിൽ പങ്കെടുക്ക<br>കായിക താരങ്ങൾക്ക് സ്പോർട്സ് ന്യൂട്രിഷ്യ<br>മെനു പ്രകാരമുള്ള ഭക്ഷണമാണ് വിതര<br>ചെയ്തത്. ബഹു മുഖ്യമന്ത്<br>രക്ഷാധികാരിയായും, ബഹു. മന്ത്രിമാർ, ബഹ<br>കൊച്ചി മേയർ, ബഹു. എം. പി മാ<br>ബഹു.എം.എൽ.എ മാർ, മ<br>ജനപ്രതിനിധികൾ, കായിക പ്രതിഭക |

| | | | |
|---|---|---|---|
| | | | എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ട് വിപുലമാ സംഘാടക സമിതി യോഗങ്ങൾ ചേർന്ന് മേ വൻ വിജയമാക്കുന്നതിന് ആവശ്യമാ മുന്നൊരുക്കം നടത്തിയിരുന്നു. പോലീസ ഫയർഫോഴ്സ്, ആരോഗ്യവകുപ്പ് ,മ വകുപ്പുകൾ എന്നിവയുടെ സേവനം മേളയു വിജയകരമായ നടത്തിപ്പി സഹായകരമായി. |
| (ബി) | ഒളിമ്പിക്സ് മാതൃകയിലുള്ള സംസ്ഥാന സ്കൂൾ കായികമേള എല്ലാ വർഷവും സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | ഒളിമ്പിക്സ് മാതൃകയിൽ കൊച്ചിയിൽ നട പ്രഥമ കേരള സ്കൂൾ കായികമേള 202 പരിപൂർണ്ണ വിജയമായിരുന്നു. ഇത്തരം കായി മേളകൾ കുട്ടികളിൽ അഭിമാനവും ആവേശ ഉയർത്തുന്നതിനും, സ്കൂൾ വിദ്യാർത്ഥികളു കായികാഭിരുചിയും കായികശേഷി വളർത്തുന്നതിനും, മത്സരക്ഷമ വർദ്ധിപ്പിക്കുന്നതിനും സഹായകരമായിട്ടു അതിനാൽ ഇത്തരം മേളകൾ എല്ലാ വർഷ ഒളിമ്പിക്സ് മാതൃകയി സംഘടിപ്പിക്കുന്നതിനും 2025-26 വർഷത്തെ കേരള സ്കൂൾ കായികമേള തിരുവനന്തപുര സംഘടിപ്പിക്കുന്നതിനും തത്വത്തി തീരുമാനമായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കായികാഭിരുചിയും കായികശേഷിയും വളർത്തുന്നതിനായി സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ മേളയുടെ വിജയത്തിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കായികാഭിരുചിയും കായികശേഷിയും വളർത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങൾ സ്കൂൾ കായികമേളയുടെ വിജയത്തിന് നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ കായിക വിദ്യാഭ്യാസം കോർ വിഷയമായി പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ആക്ടിവിറ്റി ബുക്ക്, ടീച്ചേഴ്സ് ടെക്സ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്കൂൾ തലത്തിൽ പ്രവർത്തനങ്ങളും നടന്ന് വരുന്നു. കൂടാതെ കുട്ടികളുടെ കായിക വികസനത്തിനായി കായിക വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റ് ഇതര വകുപ്പുകൾ, പ്രാദേശിക സന്നദ്ധ സംഘടനകൾ, സ്കൂളുകൾ, ജനപ്രതിനിധികൾ, തുടങ്ങിയവർ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും കായികമേളയുടെ വിജയത്തിനു കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ